പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 1982 | 17.03.2015-ൽ മറുപടിക്ക്.

അഗ്നിശമനസേനാ വിഭാഗത്തിന്റെ ആധുനികവൽക്കരണം

ചോദ്യം

ശ്രീ. പി. തിലോത്തമൻ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ അഗ്നിശമനസേനാ വിഭാഗത്തിന്റെ ആധുനികവൽക്കരണത്തിനും പരിഷ്ക്കരണത്തിനും എന്തെല്ലാം കാര്യങ്ങൾ നടപ്പിലാക്കിയെന്ന് വിശദമാക്കുമോ;

ഉത്തരം

ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 83 വാട്ടർ ടെൻഡർ ഫാബ്രിക്കേറ്റ് ചെയ്യുന്നതിനുള്ള ചെയ്സുകൾ, 16 മിനി വാട്ടർ ടെൻഡറുകൾ, 12 വാട്ടർ മിസ്റ്റ് സിസ്റ്റം, 14 ക്വിക്ക് റെസ്പോൺസ് വെഹിക്കിൾസ്, 3 എമർജൻസി ടെൻഡറുകൾ, 2 റിക്കവറി വെഹിക്കിളുകൾ തുടങ്ങിയ വാഹനങ്ങളും മറ്റ് വിവിധ അഗ്നിശമന രക്ഷാ പ്രവർത്തന ഉപകരണങ്ങളും സഹിതം മുപ്പത്താറുകോടി മുപ്പത്തഞ്ചുലക്ഷത്തോളം രൂപ ചെലവഴിച്ച് വാങ്ങിയിട്ടുണ്ട്. വകുപ്പിൽ പുതുതായി മോട്ടോർ ട്രാൻസ്പോർട്ട് വിംഗ് രൂപീകരിച്ചു. സ്കൂൾ കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകുന്നതിനായി "ജല രക്ഷാ പദ്ധതി" ആരംഭിച്ചു. ജീവനക്കാർക്ക് ക്യാന്റീൻ സൗകര്യവും ഇൻഷ്വറൻസ് പരിരക്ഷയും ഏർപ്പെടുത്തി. ഫയർമാൻ/ഡ്രൈവർ എന്നീ തസ്തികകളുടെ അടിസ്ഥാന യോഗ്യത പ്ലസ് ടു ആക്കി പരിശീലനകാലം സർവ്വീസായി പരിഗണിച്ചു. ജീവനക്കാർക്കായി എല്ലാ വർഷവും ഡ്യൂട്ടിമീറ്റും സ്പോർട്സ് മീറ്റും സംഘടിപ്പിച്ചു വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആകെ 543 തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ 2 സ്റ്റേഷൻ ഓഫീസർ തസ്തിക അപ്ഗ്രേഡ് ചെയ്ത് 2 അസിസ്റ്റന്റ് ഡിവിഷണൽ ഓഫീസർ തസ്തികകളും 1 ഡെപ്യൂട്ടി ഡയറക്ടർ (ഭരണം) തസ്തിക അപ്ഗ്രേഡ് ചെയ്ത് 1 ഡയറക്ടർ (ഭരണം) തസ്തികയും 17 ക്ലാർക്ക് തസ്തിക അപ്ഗ്രേഡ് ചെയ്ത് 13 ജൂനിയർ സൂപ്രണ്ട് 4 ഹെഡ് ക്ലാർക്ക് തസ്തിക എന്നിവയും സൃഷ്ടിച്ചു, എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകൾ ഇല്ലാത്ത 3 ഓഫീസുകളിൽ എൽ.ഡി.ടൈപ്പിസ്റ്റ് തസ്തിക സൃഷ്ടിച്ചു.

കൂടാതെ ആകെ 9 പുതിയ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകൾ ആരംഭിക്കുകയും 5 നിലയങ്ങളിൽ പുതിയ കെട്ടിടം പണിയുകയും 8 പുതിയ സ്റ്റേഷനുകൾക്കുള്ള സ്ഥലം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ചേർത്തല ഫയർ ആന്റ് റെസ്ക്യൂ യൂണിറ്റിൽ ഈ കാലയളവിൽ നൽകിയ വാഹനങ്ങൾ, ഉപകരണങ്ങൾ എന്നിവ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ബി)

| | | |
|---|---|---|
| 1. | ഫ്ളോട്ട് പമ്പ് | 1 എണ്ണം |
| 2. | ഫോൾഡിംഗ് സ്ട്രെച്ചർ | 3 എണ്ണം |
| 3. | സീറോ ടോർക്ക് നോസിൽ | 2 എണ്ണം |
| 4. | ഡെലിവറി ഹോസ് | 10 എണ്ണം |
| 5. | ചെയിൻ സോ | 1 എണ്ണം |
| 6. | ബാറ്ററി | 1 എണ്ണം |

(സി) ഇവയുടെ പുതിയ ഉപയോഗരീതികൾ പഠിപ്പിക്കുന്നതിന് ഈ വകുപ്പിലെ ജീവനക്കാർക്ക് പ്രത്യേക ട്രെയിനിംഗ് നൽകിയിട്ടുണ്ടോ?

(സി) ഉണ്ട്

സെക്ഷൻ ഓഫീസർ